# വീഞ്ഞു കുടിച്ച് മത്തരാകരുത് എന്നാൽ ആത്മാവ് നിറഞ്ഞവരായിരിക്കുവിൻ

സാക് പുന്നൻ

WFTW 14 ആഗസ്റ്റ് 2016

എഫെസ്യർ 5:18 ൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. 'വീഞ്ഞു കുടിച്ച് മത്തരാകരുത് എന്നാൽ ആത്മാവ് നിറഞ്ഞവരായിരിക്കുവിൻ' ഇവിടെ പറഞ്ഞിരിക്കുന്ന 2 കല്പനകൾ ശ്രദ്ധിക്കുക. ഒന്നാമത്തേത്, 'വീഞ്ഞു കുടിച്ച് മത്തരാകരുത്' എന്നാണ്, രണ്ടാമത്തേത്, 'ആത്മാവ് നിറഞ്ഞവരായിരിക്കുവിൻ'

ഇവിടെ ഒന്നാമത്തെ കല്പനയോട് ഒരിക്കലും അനുസരണക്കേട് കാണിക്കാത്ത ക്രിസ്ത്യാനികൾ എന്തുകൊണ്ടാണ് രണ്ടാമത്തെ കല്പന ഗൗരവമായി എടുക്കാത്തത് ? സാത്താൻ നമ്മുടെ മനസ്സിനെ ദൈവ വചന സത്യങ്ങൾക്ക് കുരുടാക്കുന്നത് എങ്ങനെയാണ് എന്നതിൻറെ ഒരു ഉദാഹരണമാണിത്. മിക്ക വിശ്വാസികളും ഒന്നാമത്തത് (വീഞ്ഞു കുടിച്ചു മത്താകരുത്) ഒരു കല്പനയായി കണക്കാക്കുന്നു. എന്നാൽ രണ്ടാമത്തേത് ('ആത്മാവ് നിറഞ്ഞവരാകുവിൻ') ഒരു അഭിപ്രായമായാണ് കണക്കാക്കുന്നത് !! എന്നാൽ രണ്ടും കല്പനകളാണ് രണ്ടും ഒരു പോലെ പ്രാധാന്യമുള്ളവയുമാണ്. ഒരു വർഷത്തിൽ ഒരു തവണ പോലും മദ്യപിച്ച് മത്തരാകുന്നത് തന്നെ ഗൗരവമായ ഒരു കാര്യമാണെങ്കിൽ , അതുപോലെ ഗൗരവമുള്ള ഒരു കാര്യമാണ് ഒരു വർഷത്തിൽ ഒരു ദിവസം പോലും ആത്മാവിനാൽ നിറഞ്ഞവരാകാതിരിക്കുക എന്നത്. നിങ്ങൾ അതിനെ അങ്ങനെ കണ്ടിട്ടുണ്ടോ?.

എഫെസ്യർ 5:18 ലെ ക്രിയ തുടർന്നുകൊണ്ടിരിക്കുന്ന ഒരു ക്രിയപദമാണ്അത് അർത്ഥമാക്കുന്നത് 'നിറഞ്ഞുകൊണ്ടിരിക്കുന്നത്' എന്നാണ് 'നിറയപ്പെടുന്ന പ്രവൃത്തി തുടർന്നുകൊണ്ടിരിക്ക' അല്ലാതെ 'ഒരു പ്രാവശ്യം നിറയപ്പെടും എന്നല്ല' രാവിലെ നാം ആത്മാവിനാൽ നിറയെപ്പെട്ടെങ്കിൽ , വൈകുന്നേരം നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടതുണ്ട്. അതുപോലെ ഓരോ ദിവസവും നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടതുണ്ട്. എല്ലാ സമയവും അവിടുത്തെ പരിശുദ്ധാത്മാവിനാൽ നിങ്ങളെ നിറയ്ക്കേണ്ടതിന് ദൈവത്തോട് ചോദിക്കുക അങ്ങനെയുള്ള ആളുകളെയാണ് 'പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട സ്ത്രീ പുരുഷന്മാർ' എന്ന് അപ്പൊ പ്രവൃത്തിയിൽ പരാമർശിച്ചിരിക്കുന്നത്.

ആത്മാവിനാൽ നിറയെപ്പെട്ടുകൊണ്ടിരിക്കുന്നതിൻറെ പ്രാഥമിക അടയാളങ്ങളിൽ ഒന്ന് നമ്മുടെ സംസാര രീതിയിലുള്ള വ്യത്യാസമാണ്. നമ്മുടെ ഒരു അഗ്നി നാവായി മാറും ( പ്രവൃത്തി 2:3) ഇത് അന്യ ഭാഷയിൽ സംസാരിക്കുന്ന കാര്യമല്ല എന്നാൽ ' നമ്മുടെ മാതൃഭാഷയിൽദൈവത്തിൻറെ സ്നേഹാഗ്നിയോടും നിർമ്മലതയോടും കൂടെ സംസാരിക്കുന്നതാണ്' നമ്മുടെ ഭാഷ സ്വർഗ്ഗീയമായി തീരും. ഈ വാക്യങ്ങളിൽ നമ്മുടെ സംസാരത്തിനുള്ള ഊന്നൽ ശ്രദ്ധിക്കുക 'ആത്മാവിനാൽ നിറയപ്പെട്ടവരായി , സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും, നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിനു പാടിയും
കീർത്തനം ചെയ്തും; നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻറെ നാമത്തിൽ പിതാവായദൈവത്തിന് എല്ലായിപ്പോഴും എല്ലാത്തിനുവേണ്ടിയും സ്തോത്രം ചെയ്തുകൊണ്ടിരിപ്പിൻ' (എഫെ 5:1920 ) നാം ആത്മാവനാൽ നിറയപ്പെടുമ്പോൾ സ്തോത്രത്തിൻറെ ആത്മാവ് ഏഷണിയുടേയും , ദൂഷണത്തിൻറേയും, കൈപ്പിൻറേയും, കോപത്തിൻറേയും ആത്മാവിനെ മാറ്റികളയുന്നു. എഫെ 5:18 നെ തുടർന്ന് വരുന്ന എല്ലാ

വാക്യങ്ങളും ആത്മനിറവുള്ള ആളുകളുടെ പ്രത്യേക സവിശേഷതകളാണ്.(519 മുതൽ 6:24വരെ) അത് സ്തോത്രത്തിൽ നിറഞ്ഞിരിക്കുന്നതിൽ തുടങ്ങി സഭയിലും ഭവനബന്ധങ്ങളിലും അനന്യോന്യം കീഴടങ്ങിയിരിക്കുന്നതിനെകുറിച്ച് തുടർന്ന് പറയുന്നു. (എഫെ 5:216:9) അതിനുശേഷം 'സാത്താന്യ ശക്തികളോട് പോരാടി ജയിക്കുന്നതിലേയ്ക്കും' പോകുന്നു (എഫെ 6:11) അതുകൊണ്ട് ഈ ഭൂമിയിലെ നമ്മുടെ ക്രീസ്തീയ നടപ്പിൻറെയും പോരാട്ടത്തിൻറേയും രഹസ്യം 'പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടുകൊണ്ടിരിക്കുക എന്നതാണ്.'

നാം ആത്മാവിനാൽ നിറയപ്പെടുന്നില്ലെങ്കിൽ നമുക്ക് ശരിയാം വിധം ദൈവത്തെ സ്തുതിക്കുവാൻ കഴിയുകയില്ല. ആത്മാവിനാൽ നിറയപ്പെടാതെ നമുക്ക് ദൈവഭക്തിയുള്ള ഭർത്താക്കന്മാരും ഭാര്യമാരും ആയിരിക്കുവാൻ കഴിയുകയില്ല. ആത്മാവിനാൽ നിറയപ്പെടാതെ നമുക്ക് നമ്മുടെ മക്കളെ ശരിയായവിധത്തിൽ വളർത്തുവാൻ കഴിയുകയില്ല. ആത്മാവിനാൽ നിറയപ്പെടാതെ സത്താന്യ ശക്തികളെ തോല്പ്പിക്കുവാൻ നമുക്ക് കഴിയുകയില്ല. നമ്മുടെ ക്രിസ്തീയ ജീവിതത്തിലെ ഓരോ കാര്യവും നാം ആത്മാവിനാൽ നിറയപ്പെടുന്നതിനെ ആശ്രയിച്ചിരിക്കുന്നു.

നമ്മുടെ ഭവനത്തോടുള്ള ബന്ധത്തിൽ 3 ബന്ധങ്ങളെ കുറിച്ച് നമ്മോട് പറയുന്നു. ഭർത്താക്കന്മാരും ഭാര്യമാരും (എഫെ 5:2223) മാതാപിതാക്കളും മക്കളും, (എഫെ 6:14) യജമാനന്മാരും ദാസന്മാരും (എഫെ 6:59) ഈ അവസാന ഭാഗം നമ്മുടെ ഭവനങ്ങളിൽ ജോലിചെയ്യുന്ന വേലക്കാർക്കും അതുപോലെ തന്നെ ഒരു ഓഫീസ്സിൽ ജോലിചെയ്യുന്ന ജോലിക്കാർക്കും ഒരു പോലെ ബാധകമാണ്. ഒരു കമ്പനിയുടെ അല്ലെങ്കിൽ സർക്കാർ ജോലിക്കാർക്ക് തങ്ങളുടെ മുകളിലുള്ള മേലുദ്യോഗസ്നുമായുള്ളതുപോലെ അതുകൊണ്ട് നാം നമ്മുടെ ഭവനത്തിൽ അല്ലെങ്കിൽ ഒരു ഓഫീസ്സിൽ യജമാനന്മാരും യജമാനത്തികളും ദാസന്മാരോട് എങ്ങനെ പെരുമാറണമെന്ന് ഈ നിർദ്ദേശങ്ങൾ നമ്മോടു പറയുന്നു. നാം എല്ലാവരും നമ്മുടെ അധിക സമയവും ചെലവഴിക്കുന്നത് രണ്ട് സ്ഥലങ്ങളിലാണ് ഭവനത്തിലും നമ്മുടെ ഓഫീസ്സുകളിലും ആത്മ നിറവുള്ള ഒരു വ്യക്തി ഭവനത്തിലും തൻറെ ജോലി സ്ഥലത്തും ക്രിസ്തുവിൻറെ ആത്മാവിനെ വെളിപ്പെടുത്തും. ആ ആത്മാവിനാൽ മാത്രമേ നമുക്ക് ക്രിസ്തുവിൻറെ ശരീരം പണിയുവാൻ കഴിയുകയുള്ളൂ.